# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2411

13.02.2013 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി
മറുപടി പറയേണ്ടത്

## പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പെൻഷൻ പ്രായം 56 ആക്കുക വഴി നടപ്പ് വർഷം വിരമിക്കേണ്ട എത്ര ജീവനക്കാർക്കാണ് ആനുകൂല്യം ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; | : | നടപ്പ് വർഷം ഏകദേശം 15196 ജീവനക്കാർ വിരമിക്കുന്നതിനാൽ അവർക്ക് പെൻഷൻ പ്രായത്തിന്റെ ആനുകൂല്യം ലഭിക്കും. |
| (ബി) | പ്രസ്തുതയിനത്തിൽ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന എത്ര തുകയാണ് ലാഭിക്കുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ; | : | പ്രസ്തുതയിനത്തിൽ തുകയൊന്നും ലാഭിച്ചിട്ടില്ല. ജീവനക്കാർ ഈ സാമ്പത്തിക വർഷത്തിൽ വിരമിക്കേണ്ടിയിരുന്നവർ ആയതിനാൽ ആയതിന്റെ മുഴുവൻ തുകയും ഈ വർഷം തന്നെ നൽകിവരുന്നു. |
| (സി) | പെൻഷൻ പ്രായം വീണ്ടും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | : | ഇല്ല. |
| (ഡി) | പെൻഷൻ പ്രായം വീണ്ടും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിൽ നിലവിലുണ്ടോ ; | : | ഇല്ല. |
| (ഇ) | വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏതെങ്കിലും വകുപ്പുകളിൽ ഉത്ഭവിച്ചിട്ടുണ്ടോ ; | | ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിൽ ഉത്ഭവിച്ചിട്ടില്ല. |
| (എഫ്) | എങ്കിൽ ഫയലിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെക്കാമോ? | | ബാധകമല്ല |

സെക്ഷൻ ഓഫീസർ